# കേരളപാഠാവലി

## ക്ലാസ് 8

### മലയാളം

### പൊതുനിർദേശങ്ങൾ

1. ചോദ്യപേപ്പർ ഉണ്ടാക്കാനുള്ള ചുമതല അതത് സ്കൂളുകൾക്കാണ്.
2. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് ചോദ്യങ്ങൾ തയാറാക്കിയിരിക്കുന്നത്.
3. അനുവദിച്ച സമയത്തിനകത്ത് കുട്ടികൾക്ക് എഴുതാൻ പറ്റിയ വിധത്തിൽ ചോദ്യങ്ങൾ ക്രമീകരിക്കണം.
4. വ്യത്യസ്ത ചോദ്യമാതൃകകൾ ഉറപ്പുവരുത്തണം.
5. വ്യത്യസ്ത ശേഷികൾ/ആശയങ്ങൾ പരിഗണിക്കണം.
6. പൂർത്തിയാക്കിയ എല്ലാ പാഠങ്ങളെയും പരിഗണിച്ചാവണം ചോദ്യപേപ്പർ ക്രമീകരിക്കേണ്ടത്.
7. ചോദ്യപേപ്പർ തയാറാക്കുമ്പോൾ ചോദ്യവും സ്കോറും മാത്രം നൽകിയാൽ മതിയാകും.


തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2011

# യൂണിറ്റ് 1

1.1 **ശേഷി**: *ശൈലികളും പ്രയോഗങ്ങളും സാഹിത്യസൃഷ്ടികളെ ആകർഷകമാക്കുന്നു.*

ഗുരുക്കൻമാർക്കും കാരണവന്മാർക്കും എന്നതിനെ യോജിപ്പിച്ച് 'ഗുരുകാരണവന്മാർക്ക്' എന്നു പ്രയോഗിക്കാം. ഇതുപോലെ യോജിപ്പിച്ചെഴുതാവുന്ന രണ്ടു പദങ്ങൾ കുറിക്കുക.

*സമയം- 2 മിനിട്ട് (സ്കോർ 1)*

1.2 **ശേഷി:** *കഥ, കവിത, യാത്രാവിവരണം എന്നിവ വായിച്ച് വിശകലനം ചെയ്യുന്നതിന്.*

ബാലിയിലെ മറ്റുദൃശ്യങ്ങൾ മറന്നാലും കുന്നിൻ പള്ളകളിൽ തട്ടുതട്ടുകളായി നിരത്തിയ വെള്ളിത്താലങ്ങളുടെ കാഴ്ച നാം മറക്കുകയില്ല. നിറഞ്ഞ നിലാവുള്ള രാത്രികളിൽ സാവക്കുന്നുകൾ മുത്തുകൊട്ടാരങ്ങളായി മാറുന്നു. പല വിതാനങ്ങളിലായുള്ള നീർപ്പാടങ്ങളിൽ നിന്നു നിർഗളിക്കുന്ന തണ്ണീരിന്റെ അനുസ്യൂതമായ ജലതരംഗസംഗീതം നമ്മുടെ കാതും കരളും കുളിർപ്പിക്കുന്നു.

- ഈ ദൃശ്യങ്ങളുടെ സവിശേഷത എന്താണ്? അവ കൂടുതൽ ആസ്വാദ്യമായിത്തീരുന്നത് എന്തുകൊണ്ട്? പൊറ്റെക്കാട്ടിന്റെ ഈ വർണന നമ്മെ ഓർമിപ്പിക്കുന്നത് എന്ത്?

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.3 **ശേഷി:** *കഥ, കവിത, യാത്രാവിവരണം എന്നിവ വായിച്ച് വിശകലനം ചെയ്യുന്നതിന്.*

ബാലിയിലെ ഭാഷയിൽ കാർഷികത്തൊഴിലിനെ സംബന്ധിച്ച വാക്കുകൾ സംസ്കൃതച്ഛായ കലർന്നിട്ടില്ലാത്ത പ്രാചീനദേശീയ പദങ്ങളാണ്. നമ്മുടെ ഭാഷയെ സംബന്ധിച്ചും ഇതു ശരിയാണോ? കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട മലയാള പദങ്ങൾ പരിശോധിച്ച് കുറിപ്പെഴുതുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.4 **ശേഷി:** *ശൈലികളും പ്രയോഗങ്ങളും സാഹിത്യസൃഷ്ടികളെ ആകർഷകമാക്കുന്നു.*

പത്തിരട്ടി കച്ചവടത്തെക്കാൾ
വിത്തിരട്ടിച്ച കൃഷിനല്ലൂ

- ഈ ചൊല്ലിനെ ന്യായീകരിക്കുന്ന ഒരു സന്ദർഭം 'അരിശ്രീ' എന്ന പാഠഭാഗത്തു നിന്ന് കണ്ടെത്തി ചൊല്ലിന്റെ പൊരുൾ സന്ദർഭത്തിന് എങ്ങനെ ഇണങ്ങുന്നു എന്നു വിശദമാക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.5 **ശേഷി:** *കഥ, കവിത ഇവ വായിച്ച് വിശകലനം ചെയ്യുന്നതിന്.*

പൊന്നുഷസ്സിന്റെ കൊയ്ത്തിൽ നിന്നൂരി-
ച്ചിന്നിയ കതിർചുറ്റും കിടക്കെ
മേവി കൊയ്ത്തുകാർ പുഞ്ചയിൽ, ഗ്രാമ
ജീവിത കഥാനാടക ഭൂവിൽ

- 'ജീവിതകഥാനാടക ഭൂവിൽ' നാടകരംഗത്തിന്റെ എന്തെല്ലാം പ്രത്യേകതകൾ കാണുന്നുണ്ട്? കുറിപ്പ് തയാറാക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.6 **ശേഷി:** *കഥ, കവിത ഇവ വായിച്ച് വിശകലനം ചെയ്യുന്നതിന്.*

കന്നിനാളിലെക്കൊയ്ത്തിനുവേണ്ടി
മന്നിലാദിയിൽ നട്ടവിത്തെല്ലാം
പൊന്നലയലച്ചെത്തുന്നു, നോക്കൂ
പിന്നെയെത്രയോ കൊയ്ത്തു പാടത്തിൽ

- ആദിയിൽ നട്ട വിത്ത് ഇപ്പോഴും കൊയ്ത്തിനുവേണ്ടി വിളഞ്ഞു നിൽക്കുന്നു എന്ന കവി സങ്കല്പം യുക്തികൾ നിരത്തി വിശദീകരിക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.7 **ശേഷി:** *കഥ, കവിത ഇവ വിശകലനം ചെയ്യുന്നതിന്.*

"ആകെ നേർവഴി പാലിപ്പി, നാരും
ആനപോലെ കടന്നു കൊയ്യൊല്ലേ!"
"താഴ്ത്തിക്കൊയ്യുവിൻ, തണ്ടുകൾ ചേറ്റിൽ
പൂഴ്ത്തിത്തള്ളൊല്ലേ, നെല്ലു പൊന്നാണേ!"
"കാതിലം കെട്ടാൻ കൈവിരുതില്ലേ?
നീ തലക്കെട്ടു കെട്ടിയാൽ പോരും."

- കൊയ്ത്തുകാരുടെ ചില സംഭാഷണങ്ങളാണിവ. ഓരോന്നിലും തെളിയുന്ന വ്യത്യസ്ത മനോഭാവങ്ങൾ വിശദീകരിക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.8 **ശേഷി:** *കഥ, കവിത ഇവ വായിച്ച് വിശകലനം ചെയ്യാൻ.*

കന്നിനെല്ലിനെയോമനിച്ചെത്തി-
യെന്നൊടോതി സദാഗതി വായു:
"നിർഭയം മെതിച്ചീ വിളവുണ്മാൻ
വിത്തൊരൊത്തിരിവയ്ക്കുന്നു വീണ്ടും
മൃത്യുവിന്നേകും ജീവിതം പോലും
പത്തിരട്ടിയായ് പൊൻ വിളയിപ്പാൻ
..............................................................

- സദാഗതിയായ വായുവിനെക്കൊണ്ട് കവി ഇക്കാര്യങ്ങൾ പറയിക്കുന്നതിലെ ഔചിത്യം വിശദമാക്കുക. *സമയം- 6 മിനിട്ട് (സ്കോർ 3)*

1.9 **ശേഷി:** *ആധുനികവൽക്കരണവും ലാഭക്കൊതിയും കാർഷികരംഗത്തെ ലാഭക്കൊതിയെ ബാധിച്ചിട്ടുണ്ട്.*

"അത് പുഞ്ചക്കണ്ടത്തിൽ ചെയ്തു കൂടാത്തതാണ്. രാത്രിയില് പുഞ്ചക്കണ്ടത്തി മടവയ്ക്കാനോ! കൃഷിക്കാരൻ അതു ചെയ്യുമോ കുട്ടീ, ഞാൻ മുടിഞ്ഞോട്ടെ - എന്നാലും ചെയ്യരുതാത്തത് ചെയ്യുകയില്ല."

"..... ജന്മിയുടെ കണ്ണീരു വീണാല് നെലം പെഴയ്ക്കും ..... വെളവ് പാട്ടനെല്ലിന് തികഞ്ഞില്ലെങ്കി പോരാത്തതു വെലയ്ക്കു മേടിച്ചുകൊടുക്കും."

- ഈ നിലപാടുകൾ കേശവൻ നായർക്ക് എല്ലാ സന്ദർഭങ്ങളിലും നിലനിർത്താൻ കഴിയുന്നുണ്ടോ? കഥാപാത്രത്തിന്റെ സ്വഭാവനിരൂപണം തയാറാക്കുക.

*സമയം- 12 മിനിട്ട് (സ്കോർ 6)*

1.10 *ശേഷി:* ശൈലികളും പ്രയോഗങ്ങളും സാഹിത്യസൃഷ്ടികളെ ആകർഷകമാക്കുന്നു.

'നാലുദിവസം കഴിഞ്ഞപ്പോൾ കേശവൻ നായരുടെ 'അമ്പത്' നെല്ലിന്റെ മുടിമുങ്ങി വെള്ളം കയറിക്കിടക്കുന്നു. നെല്ലിന്റെ തല കാണാനില്ല. ആ വേലക്കാരൻ ചെയ്തതാണ്. ഔതക്കുട്ടിയുടെ നിലത്തിലെ നെൽക്കാലിന്റെ ചുവടുകായേണ്ട സമയം വന്നപ്പോൾ വെള്ളം കേശവൻ നായരുടെ നിലത്തിലേക്കു മുറിച്ചു.'

- ഈ സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന പഴഞ്ചൊല്ല് വ്യാഖ്യാനിക്കുക.

"അടുത്തു നടണം അകലെ നടണം
ഒത്തു നടണം ഒരുമിച്ചു നടണം."

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.11 **ശേഷി:** *സാമൂഹ്യപ്രശ്നങ്ങൾ വിശകലനം ചെയ്ത് നിലപലാടുകൾ വ്യക്തമാക്കുന്നതിന്.*

'സമ്പത്തുകാലത്ത് തൈപത്തുവച്ചാ-
ലാപത്തുകാലത്ത് കാപത്തു തിന്നാം'

- ഫലഭൂയിഷ്ടമായ പാടങ്ങൾ നികത്തി വ്യവസായ പാർക്കുകളും ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിച്ചുകൊണ്ടിരിക്കുന്ന മലയാളികൾ കുടിവെള്ളത്തിനും ഭക്ഷണത്തിനും മറ്റുള്ളവരെ ആശ്രയിക്കുന്ന ആപത്തുകാലത്തേക്കാണോ പോകുന്നത്? പ്രതികരണക്കുറിപ്പ് തയാറാക്കുക. *സമയം- 8മിനിട്ട് (സ്കോർ 4)*

1.12 **ശേഷി:** *കാർഷികരംഗത്തെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിന്.*




- ചില വാർത്തകളുടെ തലക്കെട്ടുകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇവ വിശകലനം ചെയ്ത് 'കാർഷികരംഗം നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയാറാക്കുക. *സമയം- 10 മിനിട്ട് (സ്കോർ 6)*

1.13 **ശേഷി:** *കൃഷി ഒരു സംസ്കാരമാണെന്ന് തിരിച്ചറിയുന്നു.*

'ബാലിയിലെ ജനങ്ങൾക്ക് കൃഷി ഒരു തൊഴിൽ മാത്രമല്ല. ഒരു സംസ്കാരം കൂടിയാണ്.'

'തേക്കുപാട്ടും ഞാറ്റുവേലയും കേരളത്തിന്റെ കാർഷിക സംസ്കാരത്തിന്റെ അടയാളങ്ങളാണ്.'

- ബാലിയിലെയും കേരളത്തിലെയും കൃഷിരീതികൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.14 **ശേഷി:** *ആധുനികവൽക്കരണവും ലാഭക്കൊതിയും കാർഷികരംഗത്തെ നീതിബോധത്തെ ബാധിച്ചിട്ടുണ്ട്.*

കാർഷികരംഗത്തെ ആധുനികവൽകരണത്തെ വ്യത്യസ്ത രീതിയിൽ കാണുന്നവരാണ് കേശവൻ നായരും ഔതക്കുട്ടിയും.

– 'കൃഷിക്കാരൻ' എന്ന കഥയിലെ ഈ രണ്ടുകഥാപാത്രങ്ങളുടെയും കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക. *സമയം– 12 മിനിട്ട് (സ്കോർ 6)*

***

# കേരളപാഠാവലി

## ക്ലാസ് 8

### മലയാളം

### പൊതുനിർദേശങ്ങൾ

1. ചോദ്യപേപ്പർ ഉണ്ടാക്കാനുള്ള ചുമതല അതത് സ്കൂളുകൾക്കാണ്.
2. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് ചോദ്യങ്ങൾ തയാറാക്കിയിരിക്കുന്നത്.
3. അനുവദിച്ച സമയത്തിനകത്ത് കുട്ടികൾക്ക് എഴുതാൻ പറ്റിയ വിധത്തിൽ ചോദ്യങ്ങൾ ക്രമീകരിക്കണം.
4. വ്യത്യസ്ത ചോദ്യമാതൃകകൾ ഉറപ്പുവരുത്തണം.
5. വ്യത്യസ്ത ശേഷികൾ/ആശയങ്ങൾ പരിഗണിക്കണം.
6. പൂർത്തിയാക്കിയ എല്ലാ പാഠങ്ങളെയും പരിഗണിച്ചാവണം ചോദ്യപേപ്പർ ക്രമീകരിക്കേണ്ടത്.
7. ചോദ്യപേപ്പർ തയാറാക്കുമ്പോൾ ചോദ്യവും സ്കോറും മാത്രം നൽകിയാൽ മതിയാകും.


**തയാറാക്കിയത്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

**2011**

# യൂണിറ്റ് 2

2.1 **ശേഷി**: *പദപ്രയോഗങ്ങളുടെ ഭംഗി കണ്ടെത്തി വിശദീകരിക്കുന്നതിന്.*

കൈതക്കൂമ്പു പോലത്തെ ചെറുപ്പക്കാരനാണ് മുഹമ്മദ്.

- അടിവരയിട്ട പ്രയോഗം വാക്യത്തിനു നൽകുന്ന ഭംഗി വിശദീകരിക്കുക.

*സമയം- 4 മിനിട്ട് (സ്കോർ 2)*

2.2 **ശേഷി**: *പദപ്രയോഗങ്ങളുടെ ഭംഗി കണ്ടെത്തി വിശദീകരിക്കുന്നതിന്.*

"പടച്ചോനാണ് ചോറു തരുന്നതെന്ന് മൗലവിയോട് പറയാനുള്ള ബുദ്ധി എനിക്കുണ്ടാകാത്തതിൽ ഞാൻ ഹൃദയപൂർവ്വം വ്യസനിച്ചു".

- ഈ വാക്യത്തിലെ ഹാസ്യത്തിന്റെ പ്രത്യേകത എന്തെല്ലാം? കഥയുടെ ആന്തരിക ഭാവത്തിന് അത് പകരുന്ന മനോഹാരിത വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

2.3 **ശേഷി**: *കവിതകൾ വിശകലനം ചെയ്ത് വീക്ഷണങ്ങൾ, ദർശനങ്ങൾ എന്നിവ വിമർശനാത്മകമായി പരിശോധിക്കുന്നതിന്.*

"ഒരുത്തർക്കും ലഘുത്വത്തെ
വരുത്തുവാൻ മോഹമില്ല
ഒരുത്തന്നും ഹിതമായി
പറവാനും ഭാവമില്ല".

"ചിരിക്കുന്ന കഥകേട്ടാ-
ലിരിക്കും, ആയതല്ലെങ്കിൽ
തിരിക്കും അങ്ങനെ ഭാവി
ച്ചിരിക്കുന്ന ജനങ്ങളെ..."

- നമ്പ്യാരുടെ ഈ കാവ്യദർശനം 'മടിയന്മാർ മുടിയന്മാർ' എന്ന ഭാഗത്ത് എത്രത്തോളം പ്രകടമാണ്? പരിശോധിച്ച് കുറിപ്പ് തയാറാക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

2.4 **ശേഷി**: *കഥകൾ വായിച്ച് കഥാപാത്രസ്വഭാവം വിശകലനം ചെയ്യുന്നതിന്.*

"എപ്പോഴും പൊതുകാര്യത്തിനുവേണ്ടി പാഞ്ഞു നടന്നിരുന്ന മൗലവി, എന്റെ പൊതുകാര്യ പ്രസക്തിയെ പരിഹസിച്ചിരുന്നു".

"പത്രം മേശപ്പുറത്തേക്കെറിഞ്ഞ്, ഷർട്ടൂരിയിട്ട് അയയിൽക്കിടന്ന എല്ലാ മുഷിഞ്ഞ തുണിയും വാരിക്കൂട്ടി ഒരു ചുമടുമായി കിണറ്റിനടുത്തേക്ക് പോകുന്നതു കണ്ടു".

"ഈ മനുഷ്യന്റെ ചിലപ്പോഴത്തെ പ്രവൃത്തി മഹാധിക്കാരമായിപ്പോകുന്നുണ്ട് എന്നു ഞാൻ ഉള്ളിൽ കരുതി".

- സൂചനകൾ വിശകലനം ചെയ്ത് മൗലവി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

*സമയം- 10 മിനിട്ട് (സ്കോർ 5)*

2.5 **ശേഷി**: *കവിതകൾ വായിച്ച് വിമർശനാത്മകമായി പരിശോധിക്കുന്നതിന്.*

“പകയുള്ളവരെപ്പിഴ ചെയ്യിച്ചൊരു
വകയുണ്ടാക്കും പുകയില കൊൾവാൻ
പകലും രാവുമഹങ്കാരത്തിനു
മികവുള്ളവരിവരെന്തൊരു കഷ്ടം!
തിരുവുള്ളക്കാരിവരെന്നോർത്തി-
ട്ടുരിയാടുകയില്ലറിവുള്ളവരും;” **- ഘോഷയാത്ര.**

- അധികാരത്തെ ഭയക്കുന്ന മനോഭാവം ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയാറാക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

2.6 **ശേഷി**: *കവിതകൾ വിമർശനാത്മകമായി പരിശോധിച്ച് നിലപാടുകൾ വ്യക്തമാക്കുന്നതിന്.*

“രാജാവിനെച്ചെന്നു സേവിച്ചു നിൽക്കയും
വ്യാജം പറഞ്ഞ് പലരെച്ചതിക്കയും
കൈക്കൂലിമെല്ലെ പിടുങ്ങുവാനല്ലാതെ
ഇക്കാരിയക്കാരവർക്കില്ല വാഞ്ഛിതം” **- ധ്രുവചരിതം തുള്ളൽ**

“പകയുള്ളവരെപ്പിഴ ചെയ്യിച്ചൊരു
വകയുണ്ടാക്കും പുകയില കൊൾവാൻ
പകലും രാവുമഹങ്കാരത്തിനു
മികവുള്ളവരിവരെന്തൊരു കഷ്ടം!
തിരുവുള്ളക്കാരിവരെന്നോർത്തി-
ട്ടുരിയാടുകയില്ലറിവുള്ളവരും” **- ഘോഷയാത്ര**

- ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ അസഹനീയമായ ചെയ്തികളെയാണ് ഈ ഭാഗങ്ങളിൽ നമ്പ്യാർ തുറന്നു കാണിക്കുന്നത് - സ്വാഭിപ്രായം സമർഥിക്കുക.
*സമയം- 10 മിനിട്ട് (സ്കോർ 5)*

2.7 **ശേഷി**: *പ്രയോഗ ഭംഗി കണ്ടെത്തി വിശകലനം ചെയ്യുന്നതിന്.*

“വന്ദ്യനായ ആ വൃദ്ധൻ മനുഷ്യരാശിയുടെ പൊതുദുഃഖത്തിന്റെ ദൃശ്യമായ ഒരു കുരിശ് സ്വയം ചുമക്കുന്നതുപോലെത്തന്നെ നമുക്ക് അനുഭവപ്പെടും.”

- ‘കുരിശ് സ്വയം ചുമക്കുക’ എന്ന പ്രയോഗം ടോൾസ്റ്റോയിയുടെ ജീവിതമഹത്വത്തിനു നൽകുന്ന അർഥവ്യാപ്തി വിശകലനം ചെയ്ത് കുറിപ്പുതയാറാക്കുക.
*സമയം- 8 മിനിട്ട് (സ്കോർ 4)*

2.8 **ശേഷി**: *പഴഞ്ചൊല്ലുകൾ വിമർശനാത്മകമായി വിശകലനം ചെയ്യുന്നതിന്.*

‘അണ്ണാറക്കണ്ണനും തന്നാലായത്’

‘മടിയൻ മല ചുമക്കും.’

- ഏതെങ്കിലും ഒരു പഴഞ്ചൊല്ല് വിശകലനം ചെയ്യുക. *സമയം- 4 മിനിട്ട് (സ്കോർ 2)*

2.9 **ശേഷി**: *കഥകൾ വായിച്ച് വീക്ഷണങ്ങൾ വിമർശനാത്മകമായി പരിശോധിക്കുന്നതിന്.*

"എപ്പോഴും പൊതുകാര്യത്തിനുവേണ്ടി പറഞ്ഞുനടന്നിരുന്നു മൗലവി, എന്റെ പൊതു കാര്യപ്രസക്തിയെ പരിഹസിച്ചിരിന്നു."

"പത്രം മേശപ്പുറത്തേക്കെറിഞ്ഞ്, ഷർട്ടൂരിയിട്ട്, അയലിൽക്കിടന്ന എല്ലാ മുഷിഞ്ഞ തുണിയും വാരിക്കൂട്ടി ഒരു ചുമടുമായി കിണറ്റിനടുത്തേക്കു പോകുന്നതു കണ്ടു."

- മുകളിൽ കൊടുത്ത ഭാഗങ്ങളും കഥാസന്ദർഭങ്ങളും വിശകലനം ചെയ്തു മൗലവിയുടെ ജീവിതദർശനത്തെ 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന ഗാന്ധിജിയുടെ സന്ദേശ വുമായി താരതമ്യം ചെയ്യുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

2.10 **ശേഷി**: *തൊഴിലിനെക്കുറിച്ചുള്ള തെറ്റായ സങ്കല്പം തിരിച്ചറിഞ്ഞ് നിലപാടുകൾ രൂപീക രിക്കുന്നതിന്.*

'ഏതുതൊഴിലും മഹത്തരമാണ്' എന്ന ഗാന്ധിജിയുടെ കാഴ്ചപ്പാടിനോടു നിങ്ങൾ യോജി ക്കുന്നുണ്ടോ? സ്വാഭിപ്രായം വ്യക്തമാക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

2.11 **ശേഷി**:
- *തൊഴിലിനെക്കുറിച്ചുള്ള തെറ്റായ മനോഭാവം തിരിച്ചറിഞ്ഞ് സ്വന്തം നിലപാ ടുകൾ രൂപീകരിക്കുന്നതിന്.*
- *കവിതകൾ വിമർശനാത്മകമായി വിശകലനം ചെയ്യുന്നതിന്*

"കരിനിലമുഴുമക്കർഷകരോടും
വർഷം മുഴുവൻ വഴിനന്നാക്കാൻ
പെരിയ കരിങ്കൽപ്പാറനുറുക്കി
നുറുക്കിയൊരുക്കും പണിയാളരൊടും
എരിവെയിലത്തും പെരുമഴയത്തും
ചേർന്നമരുന്നു ദൈവം മണ്ണാർ
ന്നിരുകൈകളിലും..."

**- ഗീതാഞ്ജലി - ടാഗോർ**

- ഈ വരികളിൽ കവി മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടുകൾ എന്തൊക്കെയാണ്? വിശക ലനം ചെയ്ത് കുറിപ്പു തയാറാക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

2.12 **ശേഷി**: *കവിതകൾ വിമർശനാത്മകമായി വിലയിരുത്തുന്നതിന്.*

"ഏറുകൊടുപ്പാൻ തോന്നുമെനിക്കി-
പ്പോറകളുടെ ധിക്കാരം കണ്ടാൽ"

- മുടിയന്മാരായ മടിയന്മാരോടുള്ള നമ്പ്യാരുടെ അമർഷത്തിന്റെ തീവ്രത ഈ വരികളിൽ പ്രകടമാകുന്നുണ്ടോ? പരിശോധിച്ച് കുറിപ്പ് തയാറാക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

2.13 **ശേഷി**: *കഥകൾ, കവിതകൾ എന്നിവ വായിച്ച് സാമൂഹികാംശം വിമർശനാത്മകമായി പരിശോധിക്കുന്നതിന്.*

"തന്നത്താനറിയാത്തൊരു കൂട്ടം
വന്നുനിറഞ്ഞു നമ്മുടെ നാട്ടിൽ"

'നമ്മളെ പടച്ചോന് നമ്മുടെ മേൽ ഒരുത്തരവാദിത്വമില്ലേ?'(മുഹമ്മദ്)

- തന്നത്താനറിയാത്ത കൂട്ടരിൽ 'പടച്ചോന്റെ ചോറി'ലെ മുഹമ്മദ് എന്ന കഥാപാത്രവും ഉൾപ്പെടുമോ? മുകളിൽ തന്നിരിക്കുന്ന ഉദ്ധരണികൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.
*സമയം- 10 മിനിട്ട് (സ്കോർ 5)*

2.14 **ശേഷി**: *കഥ, കവിത എന്നിവ വായിച്ച് വിമർശനാത്മകമായി പരിശോധിച്ച് വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന്.*

പടച്ചോന്റെ ചോറ്, മടിയന്മാർ മുടിയന്മാർ (ഘോഷയാത്ര) എന്നീ രചനകൾ പരിശോധിച്ച് 'രചനകൾ നിർവഹിക്കുന്ന സാമൂഹികധർമം' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക. *സമയം- 18 മിനിട്ട് (സ്കോർ 8)*

2.15 **ശേഷി**: *കൃതികൾ വായിച്ച് വിമർശനാത്മകമായി വിലയിരുത്തുകയും വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നതിന്.*

"മനുഷ്യമനസ്സിലെ മാലിന്യങ്ങൾ അലിയിച്ചുകളയുന്നതിൽ ഫലിതത്തിന്റെ പങ്ക് നിസ്തുലമാണ്."

- പ്രസ്താവനയുടെ സാധുത 'പടച്ചോന്റെ ചോറ്', 'മടിയന്മാർ മുടിയന്മാർ' എന്നീ രചനകൾ പരിശോധിച്ച് വിലയിരുത്തുക. *സമയം- 13 മിനിട്ട് (സ്കോർ 6)*

2.16 **ശേഷി**: *കഥകൾ, കവിതകൾ എന്നിവ വായിച്ച് വിമർശനാത്മകമായി വിശകലനം ചെയ്ത് വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന്.*

"പടച്ചോന്റെ ചോറ് എന്ന കഥയെ അന്വർഥമാക്കുന്ന പ്രധാനഘടകം അതിലെ ശുദ്ധഹാസ്യമാണ്."

- പ്രസ്താവന വിശകലനം ചെയ്തു ലഘുനിരൂപണം തയാറാക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

2.17 **ശേഷി**: *കവിതകൾ വായിച്ച് വിമർശനാത്മകമായി വിലയിരുത്തുന്നതിന്.*

'കവിത ചാട്ടവാറാക്കിയ കവി.'

'ജനകീയ കവി.'

എന്നൊക്കെ കുഞ്ചൻ നമ്പ്യാരെ വിശേഷിപ്പിക്കാറുണ്ട്.

- 'മടിയന്മാർ മുടിയന്മാർ' എന്ന ഭാഗം വായിച്ചതിന്റെയും ക്ലാസിൽ നടന്ന ചർച്ചയുടെയും അടിസ്ഥാനത്തിൽ ഇവയുടെ ഔചിത്യം വ്യക്തമാക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

2.18 **ശേഷി**: *രചനകളിലെ പ്രയോഗഭംഗി വിശകലനം ചെയ്ത് നിഗമനം രൂപീകരിക്കുന്നതിന്.*

"ജീവിതത്തിന്റെ തിരക്കുകുറഞ്ഞ പ്രദേശങ്ങളിലൂടെ കൂനിക്കൂടി അങ്ങു കടന്നു പൊയ്ക്കളയാം എന്നൊരു മട്ടാണ് അവന്."

"അണപൊട്ടിയ വെള്ളംപോലെ മുഹമ്മദ് മൗലവിയുടെ മേലേക്കു പാഞ്ഞുകയറി."

- തന്നിരിക്കുന്ന ഭാഗങ്ങൾ വിശകലനം ചെയ്ത് 'പടച്ചോന്റെ ചോറ്' എന്ന കഥയിലെ മുഹമ്മദ് എന്ന കഥാപാത്രത്തിന്റെ സ്വഭാവം, മാനസികാവസ്ഥ എന്നിവ അവതരിപ്പിക്കുവാൻ കഥാകൃത്ത് ഉപയോഗിച്ച ഭാഷയുടെ പ്രത്യേകത വിശദമാക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

2.19 **ശേഷി**: *രചനാഭാഗങ്ങൾ വിശകലനം ചെയ്ത് സ്വന്തം നിഗമനം രൂപീകരിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും.*

"ബല്ലിച്ച നയിച്ചുണ്ടാക്കീറ്റ് ഇതൊക്കെ ഒന്നു മേങ്ങ്ാ. എന്നിറ്റ് നാടു നന്നാക്കല്ലേ നല്ലത്?"

- മൗലവിയുടെ ഈ അഭിപ്രായത്തിന്റെ സമകാലികപ്രസക്തി വിശദീകരിച്ച് കുറിപ്പു തയാറാക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

2.20 **ശേഷി**: *കഥകൾ വായിച്ച് വിമർശനാത്മകമായി വിശകലനം ചെയ്യുന്നതിന്.*

"അതെന്തേയ്? ഇജ്ജ് പടച്ചോനെക്കാട്ടിലും ബല്യോനായോ?"

"അപ്പോൾ പടച്ചോൻ ബിര്യാണീം പൊരിച്ച കോയീം കൊണ്ടത്തന്നപ്പോൾ വെള്ളം കൊണ്ടത്തന്നില്ലേ?"

"എടാ, പടച്ചോന്റെ കയ്യിൽനിന്ന് ചക്കാത്ത് കിട്ടുന്നതാ എന്നുബെച്ച്, ഇമ്മിണി തിന്നൂടരുത്, കേട്ടോ. ആട്ടെ ഇഞ്ഞി ബെള്ളൂം കൊണ്ടുവന്ന് തരാൻ പറ".

**- പടച്ചോന്റെ ചോറ്- ഉറൂബ്**

- ചെറുപ്പക്കാരന്റെ അലസത വ്യക്തമാക്കാൻ മൗലവിയുടെ സംഭാഷണത്തിലെ ആക്ഷേപഹാസ്യം എത്രമാത്രം ശക്തമാണെന്ന് പരിശോധിച്ച് കുറിപ്പു തയാറാക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

***

# അടിസ്ഥാനപാഠാവലി

## ക്ലാസ് 8

### മലയാളം

### പൊതുനിർദേശങ്ങൾ

1. ചോദ്യപേപ്പർ ഉണ്ടാക്കാനുള്ള ചുമതല അതത് സ്കൂളുകൾക്കാണ്.
2. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് ചോദ്യങ്ങൾ തയാറാക്കിയിരിക്കുന്നത്.
3. അനുവദിച്ച സമയത്തിനകത്ത് കുട്ടികൾക്ക് എഴുതാൻ പറ്റിയ വിധത്തിൽ ചോദ്യങ്ങൾ ക്രമീകരിക്കണം.
4. വ്യത്യസ്ത ചോദ്യമാതൃകകൾ ഉറപ്പുവരുത്തണം.
5. വ്യത്യസ്ത ശേഷികൾ/ആശയങ്ങൾ പരിഗണിക്കണം.
6. പൂർത്തിയാക്കിയ എല്ലാ പാഠങ്ങളെയും പരിഗണിച്ചാവണം ചോദ്യപേപ്പർ ക്രമീകരിക്കേണ്ടത്.
7. ചോദ്യപേപ്പർ തയാറാക്കുമ്പോൾ ചോദ്യവും സ്കോറും മാത്രം നൽകിയാൽ മതിയാകും.

**തയാറാക്കിയത്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

**2011**

# <u>യൂണിറ്റ് 1</u>

1.1 **ശേഷി:** *രചനകൾ വിശകലനം ചെയ്ത് കാവ്യപരമായ സവിശേഷതകൾ കണ്ടെത്തുന്നതിന്.*

"മുപ്പാരിതെപ്പേരും മുക്കുവാൻ കെൽപ്പാർന്ന
കല്പാന്തമേഘങ്ങൾ പോന്നു വന്നു."

- വരികൾ വിശകലനം ചെയ്ത് കാവ്യപരമായ സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക. *സമയം- 6 മിനിട്ട് (സ്കോർ 3)*

1.2 **ശേഷി:** *കവിത വായിച്ച് ആസ്വാദനം തയാറാക്കുന്നതിന്.*

ജൂൺമഴയ്ക്ക്
അക്ഷരത്തിന്റെ തെളിച്ചമാണ്
പുതിയ പാത്രങ്ങൾ കഴുകിവെക്കും
അറിവുത്സവത്തിന്
ഒന്നാംക്ലാസിലെ കുട്ടികളെപ്പോലെ
ഭയന്ന് അലമുറയിടും
പിന്നെ,
വെളുക്കെ ചിരിക്കും
അവരുടെ
മഴപ്പാട്ടുകളിൽ താളം തുള്ളും
വർണക്കുടകളിൽ തത്തിക്കളിക്കും
കൈകാലുകളിൽ ചിന്നിച്ചിതറും
പുത്തനുടുപ്പുകളിൽ നനവു പടർത്തും
മഴയുടെ നൃത്തം
അവർ തീർത്ത കളിവഞ്ചിയിൽ
ഇല,പൂവ്,ശലഭം
ഇവയെ തഴുകുമ്പോലെ
അവരെയും...
സ്കൂൾ മുറ്റത്ത്
കുന്നിറങ്ങുന്ന ജൂൺമഴ
സുകൃതം ചെയ്തിരിക്കും.

**-ജൂൺമഴ-സുരേന്ദ്രൻ കാടങ്കോട്**

- കവിതയുടെ ആശയം, പ്രയോഗഭംഗി, താളം, ഭാവം ഇവ പരിഗണിച്ച് ആസ്വാദനം തയാറാക്കുക. *സമയം- 13 മിനിട്ട് (സ്കോർ 6)*

1.3 **ശേഷി:** *രചനകൾ വിശകലനം ചെയ്ത് വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന്.*

'ഒറ്റയടിപ്പാതയിൽ കൂടി ടീച്ചർ സൂക്ഷിച്ചു നടന്നു'

"പക്ഷേ ഞാൻ പ്രധാന പാതയിൽ കൂടി വരാറില്ലല്ലോ; ഞാനെപ്പോഴും കാട്ടിൽ കൂടിയാണ് വരുന്നത്" **- സവൃഷ്കൻ**

- ഈ സൂചനയുടെ അടിസ്ഥാനത്തിൽ ഇരു കഥാപാത്രങ്ങളുടേയും സ്വഭാവ സവിശേഷതകൾ താരതമ്യം ചെയ്തു കുറിപ്പെഴുതുക *സമയം- 8 മിനിട്ട് (സ്കോർ 4)*

1.4 **ശേഷി:** *രചനകൾ ആസ്വദിക്കുന്നതിനും വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന്.*

നന്ദൻ തുടങ്ങിന വൃദ്ധന്മാരെല്ലാരും
'നിന്നു പൊറുക്കരുതാഞ്ഞു ചെമ്മേ
മെയ്യും വിറച്ചു തങ്കൈയും തിരുമ്മിനി-
"ന്നയ്യോ! യെന്നിങ്ങനെ ചൊന്നുഴന്നാർ **- ചെറുശ്ശേരി**

മഴയ്ക്ക് എത്ര മുഖങ്ങളാണ്. എത്ര ഭാവങ്ങളാണ്. ചിരിച്ചു തിമർത്ത് ഓടി വരുന്ന കുഞ്ഞിമഴയെ നമുക്ക് കളി മഴയെന്ന് വിളിക്കാം. ഇടയ്ക്കിടെ തെളിഞ്ഞും മങ്ങിയും പെയ്യുന്നൊരു പിണങ്ങി മഴയുണ്ട്. കൊടും വേനലിൽ പെട്ടെന്ന് തിമർത്ത് പുതുമഴയ്ക്ക് മണ്ണിന്റെ മണമാണ്. **- സുഗതകുമാരി**

- മുകളിൽ ചേർത്തിരിക്കുന്ന മഴയനുഭങ്ങളിലെ വ്യത്യാസം കണ്ടെത്തി വിശദീകരിച്ച് കുറിപ്പ് തയാറാക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.5 **ശേഷി**: *കാവ്യഭാഷ വിശകലനം ചെയ്ത് നിഗമനം രൂപീകരിക്കുന്നതിന്.*

മഴപെയ്തു പോലാദ്യം
പനിനീർ തളിച്ചപോൽ
മഴപെയ്തുപോൽ വാരി-
മുല്ലപ്പൂവിതറും പോൽ
മഴപെയ്തുപോൽ പിന്നെ
ച്ചിരിയായ് കരച്ചിലായ്
മഴപെയ്തുപോൽ വിണ്ണിൽ
കരുണാപ്രവാഹമായ് **-സുഗതകുമാരി**

പാരിച്ചു നിന്നൊരു പാഴിടി നാദത്താൽ
പാരിടമെങ്ങും കുലുങ്ങിച്ചുടൻ
വിണ്ണവർ വാരണം തന്നുടെകൈയോളം
വണ്ണമെഴുന്നുള്ള തുള്ളികളും **-ചെറുശ്ശേരി**

കവിതാഭാഗങ്ങൾ വിശകലനം ചെയ്ത് കാവ്യഭാഷയുടെ സവിശേഷതകൾ കണ്ടെത്തി കുറിക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

1.6 **ശേഷി**: *കവിതകൾ വായിച്ച് താളം തിരിച്ചറിയുന്നതിന്.*

ചുവടെ കൊടുത്തിരിക്കുന്ന കവിതാ ഭാഗങ്ങളിൽ നിന്ന് സമാനതാളത്തിൽ അല്ലാത്തത് കണ്ടെത്തി എഴുതുക.

- "തുരുതുരെ കൊക്കുപറക്കും പാടങ്ങൾ
  തുടരണി മണി കിലുങ്ങും മേടുകൾ"

- “ശൈലത്തെ പൂജിച്ചു ഗോപന്മാരെല്ലാരും
  ആലയം തന്നിലെ പൂകുന്നേരം”
- “മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
  മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ.”

*സമയം- 4 മിനിട്ട് (സ്കോർ 2)*

1.7 **ശേഷി**: *പദച്ചേരുവകളെകുറിച്ച് ധാരണ നേടുന്നതിന്.*

‘ശിശിരത്തിലെ ഓക്കുമരം’ ഒറ്റപ്പദമാണെന്നു സവുഷ്കിൻ സമർഥിച്ചതു കണ്ടല്ലോ. ചിങ്ങ വെയിൽ, തുലാമഴ എന്നീ പദങ്ങൾ ഒറ്റപ്പദമായി അനുഭവപ്പെടുന്നത് എങ്ങനെയെന്നു വിശദീകരിക്കുക.

*സമയം- 6 മിനിട്ട് (സ്കോർ 3)*

1.8 **ശേഷി**: *രചനകൾ വിശകലനം ചെയ്ത് താരതമ്യ കുറിപ്പു തയാറാക്കുന്നതിന്.*

- “എന്താ എല്ലായിടത്തും മഞ്ഞില്ലാത്തത്?”
- ‘’ഇവിടെ ചിലയിടങ്ങളിൽ ഉഷ്ണജലം വമിക്കുന്ന നീരുറവകളുണ്ട്.”
- “നോക്കൂ മഞ്ഞു പാളികൾ എത്ര ഘനം കുറഞ്ഞതാണ് അവയ്ക്കു കീഴെ വെള്ളമൊഴുകുന്നതുപോലും കാണാൻ കഴിയുന്നല്ലോ.”
- “അതു വെള്ളത്തിന്റെ ഒഴുക്കല്ല അന്ന വാസ്‌ലിയേവ്ന ഞാൻ പിടിച്ചു കുലുക്കിയ മരക്കൊമ്പുകളുടെ നിഴലുകളാണ്.”

- ടീച്ചറുടേയും സവുഷ്കിന്റേയും സംഭാഷണങ്ങൾ വിശകലനം ചെയ്ത് പ്രകൃതിയെകുറിച്ചുള്ള ധാരണ താരതമ്യം ചെയ്തു കുറിപ്പു തയാറാക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.9 **ശേഷി**: *കഥയിലെ സംഭവങ്ങൾ കഥാപാത്രങ്ങൾ മുതലായവ പുതിയ കാലത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുന്നു.*

പെട്ടെന്ന് ടീച്ചർക്കു തോന്നി. ഈ കാനനത്തിലെ ഏറ്റവും വിസ്മയകരമായ വസ്തു ശിശിരത്തിലെ ഓക്കുമരമല്ല. ഈ കൊച്ചു മനുഷ്യനാണ്. അസാധാരണനായ ഒരിക്കലും ആർക്കും ഒന്നിനും പിടികൊടുക്കാത്ത ഭാവിയിലെ പൗരൻ.

സവുഷ്കിനെ തിരിച്ചറിഞ്ഞ ടീച്ചറുടെ വിസ്മയമാണ് ഈ വരികളിൽ തെളിയുന്നത്. കുട്ടികളുടെ ചിന്തകളെയും കഴിവുകളെയും വിലയിരുത്തുന്നതിൽ മുതിർന്നവർക്ക് വലിയ പിഴവു പറ്റുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം സമർഥിച്ച് കുറിപ്പ് തയാറാക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.10 **ശേഷി**: *പ്രകൃതിയിൽ നിന്ന് അകലുന്നത് മനുഷ്യനാശത്തിനു തന്നെകാരണമാകും.*

“കർഷകസംസ്കാരം മനുഷ്യന്റെ അധ്വാനഫലമാണ് പ്രകൃത്യാനുസാരിയായിരിക്കുമ്പോൾ തന്നെ ഒരർഥത്തിൽ അത് വന്യതയ്ക്ക് വിരുദ്ധമാണ്.”

**-കഥയിലെ പ്രകൃതി**

- കൃഷിയും വന്യതയും എങ്ങനെയാണ് പരസ്പരവിരുദ്ധമായിത്തീരുന്നത്?

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.11 **ശേഷി**: *കഥകൾ വിശകലനം ചെയ്ത് കുറിപ്പുകൾ തയറാക്കുന്നതിന്.*

'കാനനത്തിന്റെ കാവൽ ഭടനായ, ശക്തിമാനായ ആ ഓക്കുമരം ഔദാര്യത്തോടെ എന്നു തോന്നുംവണ്ണം തന്റെ ശാഖകൾ ചലിപ്പിച്ച് അവരെ നോക്കി തലയാട്ടി.'

- ഓക്കുമരത്തിന് മറ്റു കഥാപാത്രങ്ങളെപ്പോലെ വ്യക്തിത്വം നൽകാൻ കഥാകൃത്തിന് കഴിഞ്ഞിട്ടുണ്ടോ? കഥാഭാഗം പരിശോധിച്ച് നിഗമനം കുറിക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.12 **ശേഷി**: *രചനകൾ വിമർശനാത്മകമായി വിലയിരുത്തുന്നതിന്.*

"രതീശന്റെ വിവാഹദിവസം യാത്രപുറപ്പെടും മുമ്പ് പ്ലാവിന്റെ ചുവട്ടിൽ തിരികൊളുത്തി നമസ്കരിക്കുവാൻ പറഞ്ഞ അച്ഛന്റെ അപരിഷ്കൃത ബുദ്ധിയേയും അന്ധവിശ്വാസത്തേയും അവനും കൂട്ടുകാരും ചേർന്ന് അപലപിച്ചു."

- അച്ഛന്റേയും മകന്റേയും നിലപാടുകളിൽ ഏതിനോടാണ് നിങ്ങൾ യോജിക്കുന്നത്. അഭിപ്രായം യുക്തിപൂർവം സമർഥിക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.13 **ശേഷി**: *പ്രകൃതിയോടുള്ള മനോഭാവം വ്യക്തമാക്കുന്ന കുറിപ്പുകൾ തയറാക്കുന്നതിന്.*

- ആഗോളതാപനത്തിന് മരമാണു മറുപടി എന്ന കാഴ്ചപ്പാടോടെ പരിസര ദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ വൃക്ഷത്തൈകൾ വിതരണം ചെയ്യാറുണ്ടല്ലോ? ഈ പദ്ധതി വിജയപ്രദമാക്കുന്നതിന് വിദ്യാർഥികൾക്ക് എന്തെല്ലാം ചെയ്യാനാവും? നിങ്ങളുടെ അഭിപ്രായം കുറിക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.14 **ശേഷി:** *കഥകൾ വിശകലനം ചെയ്ത് നിരൂപണങ്ങൾ തയാറാക്കുന്നതിന്.*

മനുഷ്യൻ പ്രകൃതിയുടെ അംശം തന്നെയാണ് എന്ന് വെളിവാക്കുന്ന കഥയാണ് 'ശിശിരത്തിലെ ഓക്കു മരം.'

- പ്രസ്താവനയുടെ സാധുത പരിശോധിച്ച് കുറിപ്പെഴുതുക.

*സമയം- 12 മിനിട്ട് (സ്കോർ 6)*

1.15 **ശേഷി:** *കഥകൾ വായിച്ച് ആസ്വാദനം തയാറാക്കുന്നതിന്.*

മഴക്കാലം കഴിഞ്ഞപ്പോൾ കല്ലിനടിയിൽ കിടന്ന് ഒരു വിത്ത് നില വിളിച്ചു. "ഒന്നു മാറിത്താ, ഒന്നു മാറിത്താ എനിക്ക് ശ്വാസം മുട്ടുന്നു. എനിക്കതിനൊന്നും കഴിയുകേല," കല്ല് പിറുപിറുത്തു. കല്ലിനെ വളഞ്ഞ് വിത്തിന്റെ കുരുപ്പ് പൊട്ടി.

മൂക്കുകണ്ണട പോലെ രണ്ട് കുഞ്ഞ് ഇലകൾ വന്ന് കല്ലിനേയും ഭൂമിയുടെ ഉയരങ്ങളേയും നോക്കി ചിരിച്ചു. കല്ല്, കല്ല്പോലിരുന്നു.

കിളിർപ്പ് മരമായി ഭൂമിയ്ക്ക് തണലായി, കിളികൾക്ക് കൂടായി, കാറ്റിന് ചിറകായി,

ഒരു ദിവസം മരം പറഞ്ഞു.

"എടാ കല്ലേ, നീ എന്തുമാത്രം നോക്കി ഞാൻ വളരാതിരിക്കാൻ എന്നിട്ടോ?"

കല്ലുപ്പോൾ പറഞ്ഞു:

"എന്റെ വളമില്ലായിരുന്നെങ്കിൽ കാണാമായിരുന്നു."

**- കല്ലുവിത്തും-എസ്.ആർ.ലാൽ**

- ഈ കഥയ്ക്ക് ആസ്വാദനം തയാറാക്കുക (പ്രമേയം, ആഖ്യാനതന്ത്രം, സമകാലിക പ്രസക്തി എന്നിവ പരിഗണിക്കണം). *സമയം- 12 മിനിട്ട് (സ്കോർ 6)*

***